# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/27/2018 2018 ഫെബ്രുവരി 6

## പത്രക്കുറിപ്പ്

### അപേക്ഷാ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ ബി.എ. ക്രിമിനോളജി എൽ.എൽ.ബി. (ഓണേഴ്സ് – സപ്ലിമെന്ററി, 2011 മുതൽ 2014 വരെയും 2015 അഡ്മിഷൻ), ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് – റഗുലർ/സപ്ലിമെന്ററി), ബി.കോം എൽ.എൽ.ബി. (ഓണേഴ്സ് – റഗുലർ/സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് – 2016 അഡ്മിഷൻ റഗുലർ) പരീക്ഷകൾ മാർച്ച് 2ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 9 വരെയും 50 രൂപ പിഴയോടെ 12 വരെയും 500 രൂപ സൂപ്പർഫൈനോടെ 14 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതവും (പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനൊപ്പം അടയ്ക്കണം.

ഒന്നാം വർഷ ബി.എസ്.സി. എം.ആർ.ടി. (2016 അഡ്മിഷൻ പുതിയ സ്കീം റഗുലർ/2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 27ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 9 വരെയും 50 രൂപ പിഴയോടെ 12 വരെയും 500 രൂപ സൂപ്പർഫൈനോടെ 14 വരെയും സ്വീകരിക്കും.

### എം.ഫിൽ പ്രവേശന പരീക്ഷ

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ 2017 എം.ഫിൽ (കെമിസ്ട്രി) പ്രവേശന പരീക്ഷ ഫെബ്രുവരി 8ന് രാവിലെ 10.30ന് നടത്തും. ഹാൾ ടിക്കറ്റ് ലഭിച്ചിട്ടില്ലാത്തവർ 0481 – 2731036 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

### പ്രാക്ടിക്കൽ

2018 ജനുവരിയിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ. ഭരതനാട്യം, മോഹിനിയാട്ടം, അഭിനയസംഗീതം (സി.ബി.സി.എസ്. റഗുലർ/ സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) പരീക്ഷകളുടെ പ്രാക്ടിക്കൽ ഫെബ്രുവരി 14 മുതൽ 16 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ വച്ച് നടത്തുന്നു. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. ആനിമേഷൻ, ഗ്രാഫിക് ഡിസൈൻ, സിനിമ & ടെലിവിഷൻ, പ്രിന്റ് & ഇലക്ട്രോണിക്സ് ജേർണലിസം (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി), പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 20 വരെ അപേക്ഷിക്കാം.

2017 ഏപ്രിൽ മാസത്തിൽ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടത്തിയ മൂന്നാം സെമസ്റ്റർ ദ്വിവത്സര എം.എഡ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ് 2017 ജൂലൈ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ. (സി.എസ്.എസ്. – റഗുലർ/ഇംപ്രൂവമെന്റ്/റീഅപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 നവംബർ മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ഫെബ്രുവരി 16 വരെ അപേക്ഷിക്കാം. സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിലെ വീണ ജോസഫ് ചാവേലിൽ, ആർഷ എം., പാർവ്വതി ബാബു എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

2017 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ബയോ ഇൻഫർമാറ്റിക്സ് (പി.ജി.സി.എസ്.എസ്. - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 20 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ടി.എ., എം.എസ്.ഡബ്ല്യു. (റഗുലർ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 20 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. മ്യൂസിക് (വോക്കൽ, റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 20 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ബയോടെക്നോളജി (ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 20 വരെ അപേക്ഷിക്കാം.

## ചീഫ് സൂപ്രണ്ട് നിയമനം

2018 മാർച്ച്/ഏപ്രിൽ മാസങ്ങളിലെ സർവ്വകലാശാലാ പരീക്ഷകളുടെ ചീഫ് സൂപ്രണ്ടുമാരായി നിയമിക്കപ്പെടുവാൻ താല്പര്യമുള്ള അദ്ധ്യാപകർ അവരുടെ സമ്മതപത്രം നിശ്ചിതഫോർമാറ്റിൽ പ്രിൻസിപ്പലിന്റെ ശുപാർശയോടുകൂടി ഫെബ്രുവരി 22ന് മുമ്പായി പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ ea1@mgu.ac.in എന്ന ഇമെയിലിൽ സമർപ്പിക്കേണ്ടതാണ്. പ്രൊഫോർമ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**